# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1326 — 20.03.2012-ൽ മറുപടിയ്ക്ക്

## ബേക്കൽ കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) | | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കിയ ബേക്കൽ കുടിവെള്ള പദ്ധതി വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (ബി.ആർ.ഡി.സി) നടപ്പിലാക്കിയ ബേക്കൽ കുടിവെള്ള പദ്ധതി ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനു വേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് 5.2.2011-ൽ കൈമാറിയിട്ടുണ്ട്. |
| (ബി) | ടൂറിസം വകുപ്പ് വാട്ടർ അതോറിറ്റിയുമായി ഫൈനൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി) | ഇല്ല. |
| (സി) | മേൽ പദ്ധതിയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിലേക്കായി വാട്ടർ അതോറിറ്റി ടൂറിസം വകുപ്പിനോട് തുക ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ; | (സി) & (ഡി) | പദ്ധതിയുടെ അറ്റകുറ്റ പണികൾ പൂർത്തിയാക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റി 100 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം ശുപാർശ ചെയ്ത് ഉടൻ തന്നെ കേന്ദ്ര സർക്കാരിലേക്ക് അയക്കുന്നതാണ്. കേന്ദ്ര സർക്കാർ പ്രസ്തുത പദ്ധതിക്ക് തുക അനുവദിച്ചു തരുന്ന മുറയ്ക്ക് |
| (ഡി) | തുക നൽകി ഫൈനൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടി എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | | |

ഫൈനൽ എഗ്രിമെന്റ് ഒപ്പിടാനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഇ) ഫൈനൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യാത്തത് മൂലം പ്രദേശത്തെ സാധാരണക്കാർക്ക് കുടിവെള്ളം നൽകാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ) സാധാരണക്കാർക്ക് കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടി 250-ഓളം പൊതുടാപ്പുകൾ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതു വഴി കുടിവെള്ളം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ